കേരള സർക്കാർ

നം. പാ.കാ.വ -ബി1/162/2018 പാ.കാ.വ.

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 22/12/2018

3143017

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് - നിയമസഭാ സമിതിയുടെ യോഗങ്ങളിൽ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന : നിയമസഭാ സെക്രട്ടറിയുടെ 21/11/2018-ലെ 24379/പി.എ.സി.എ 1/2018/നി.സെ നമ്പർ കത്ത്

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒരു യോഗത്തിൽ ഒരു ജില്ലാ കളക്ടർ ഹാജരാകാതിരുന്നതിലും ഇക്കാര്യം നിയമസഭാ സെക്രട്ടേറിയറ്റിനെ മുൻകൂട്ടി അറിയിക്കാതിരുന്നതിലും നിയമസഭാ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയുണ്ടായെന്ന് സൂചന കത്ത് പ്രകാരം നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഉൾപ്പെടെയുള്ള എല്ലാ നിയമസഭാ സമിതികളുടെയും യോഗങ്ങളിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും ഒഴിവാക്കാനാകാത്ത കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കാതെ വരുകയാണെങ്കിൽ അക്കാര്യം നിയമസഭാ സെക്രട്ടറിയെ മുൻകൂട്ടിത്തന്നെ അറിയിക്കേണ്ടതാണെന്നും കർശന നിർദ്ദേശം നൽകുന്നു.

ടോം ജോസ്.ഐ.എ.എസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ